## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1190 — 12.06.14 ൽ – മറുപടിക്ക്

## റേഷൻ കടകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ചിറയം ഗോപകുമാർ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതീക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നതാണ്. ഇതിനു മുന്നോടിയായി തിരുവനന്തപുരം ജില്ലയിലെ 6 കടകളിൽ പരീക്ഷണാർത്ഥം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി പ്രവർത്തിച്ചു വരുന്നു. |
| (ബി) | റേഷൻ കടകളുടെ പ്രവർത്തനം കമ്പ്യൂട്ടർവത്ക്കരിക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ നടന്നു വരുന്നുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കുമോ; | (ബി) | റേഷൻ കടകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായാണ് റേഷൻകടകളും കമ്പ്യൂട്ടർവൽക്കരിക്കുന്നത്. ഇതിനുള്ള സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായിക്കഴിഞ്ഞു. |
| (സി) | പൊതുവിതരണം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി റേഷൻകടകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (സി) | പൊതുവിതരണ സമ്പ്രദായം ശാക്തീകരിക്കുന്നതിനായി റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക അനിവാര്യമാണ്. ഇതു സംബന്ധിച്ച് സർക്കാർ നിയോഗിച്ച ഏകാംഗ കമ്മീഷൻ (അഡീ. ചീഫ് സെക്രട്ടറി ശ്രീമതി നിവേദിത പി. ഹരൻ) സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ അത്തരത്തിലാരു പഠനം നടത്തി സമയ ബന്ധിതമായി റേഷൻ കടകളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇതു കൂടാതെ സർക്കാർ വേൾഡ് ഫുഡ് പ്രോഗ്രാം എന്ന യു.എൻ. അംഗീകൃത സംഘടനയുമായി ഒരു ധാരണാ പത്രം ഒപ്പുവയ്ക്കുകയും വേൾഡ് ഫുഡ് പ്രോഗ്രാം റേഷൻവ്യാപാരികളുടെ സാമ്പത്തിക ക്ഷമത സംബന്ധിച്ച ഒരു പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ